7

## വായന

വായിച്ചാലും വളരും.
വായിച്ചില്ലേലും വളരും.
വായിച്ചു വളർന്നാൽ വിളയും,
വായിക്കാതെ വളർന്നാൽ വളയും.

കുഞ്ഞുണ്ണി മാഷിൻെറ കവിതയാണിത്. വായനയുടെ പ്രാധാന്യത്തെപ്പറ്റി അത് നമ്മെ ഓർമപ്പെടുത്തുന്നു.

വായന നല്ല വിനോദമാണ്. ആസ്വദിച്ചുകൊണ്ട് വായിക്കണം. ആസ്വദിക്കാതെ വായിച്ചാൽ ഒന്നും മനസ്സിലാകില്ല.

സ്കൂളിലെ പുസ്തകങ്ങൾക്കു പുറമെ വേറെയും ധാരാളം വായിക്കാനുണ്ട്. ബാലസാഹിത്യങ്ങൾ ഇന്ന് ധാരാളമുണ്ട്. അവയിൽ നല്ല പുസ്തകങ്ങൾ നാം സ്വന്തമാക്കണം. നേരം കിട്ടുമ്പോഴെല്ലാം അവ വായിക്കുകയും വേണം.

നല്ല പുസ്തകങ്ങൾ നല്ല കൂട്ടുകാരെപ്പോലെയാണ്. അവ എപ്പോഴും നമ്മോട് നല്ലതേ സംസാരിക്കുകയുള്ളൂ. നമ്മുടെ സംസ്കാരം വളർത്തുന്നതിലും ഉന്നതമാക്കുന്നതിലും വായനയുടെ പങ്ക് വലുതാണ്.

വായനയാണ് ബുദ്ധി വികസിക്കാനുള്ള വഴി. എത്ര വായിക്കുന്നുവോ അത്രകണ്ട് ബുദ്ധിക്ക് വികാസം കിട്ടും. അതിനനുസരിച്ച് നമ്മുടെ വിജ്ഞാനവും വർധിക്കും.

ഒന്നും വായിക്കാത്തവർ ഒന്നും നേടുന്നില്ല. നാടിനെ സംബന്ധിച്ചും ലോകത്തെ സംബന്ധിച്ചും അവർ ഒന്നും അറിയാത്തവരായിരിക്കും.

ധാരാളം വായിക്കുക. ഖുർആൻ ലോകത്ത് അവതരിച്ചു തുടങ്ങിയതു തന്നെ “നീ വായിക്കുക” എന്ന കല്പനയോടു കൂടിയാണ്. വായിക്കാനും പഠിക്കാനും അത് മനുഷ്യരെ പ്രോത്സാഹിപ്പിക്കുന്നു.

ഇന്ന് എല്ലാവരും ടി.വി കാണുവാനാണ് സമയം ചെലവഴിക്കുന്നത്. ടി.വിയും വേണം. പക്ഷേ, വായനയുടെ ഉപകാരം അതിന് ലഭിക്കുകയില്ല. നമ്മുടെ ഭാഷയും ഭാഷയുടെ ശൈലിയും നിലനില്ക്കുന്നത് വായനയിലൂടെയാണ്. വായിക്കാതിരുന്നാൽ നമുക്ക് നമ്മുടെ ഭാഷ തന്നെ അന്യമാകും.

വായിച്ചെങ്കിൽ മാത്രമേ നമ്മിൽ ഒളിഞ്ഞു കിടക്കുന്ന കഴിവുകൾ വികസിക്കുകയുള്ളൂ. നമ്മുടെ ചിന്താശക്തി വർധിക്കുന്നതും വായനയിലൂടെയാണ്.

നല്ലത് വായിക്കുക, ബുദ്ധിയും മനസ്സും വളരട്ടെ. ഉന്നതമായ സംസ്കാരവും ഉണ്ടാകട്ടെ.